**60,000 സംഘങ്ങളിലൂടെ രണ്ടു ലക്ഷത്തിലധികം വനിതാ കർഷകരാണു നാടും നഗരവും പച്ചപ്പു വിരിക്കാനും ജനങ്ങൾക്കു സുരക്ഷിതമായ ഭക്ഷണം നൽകാനും മുന്നോട്ടു വന്നിട്ടുള്ളത്.**



കുടുംബശ്രീ
**വിശേഷങ്ങൾ**

**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

# ഭക്ഷ്യസുരക്ഷാ
# ഭവന പദ്ധതി

കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾ കൃഷി രംഗത്തു പുതിയ ഉണർവാണല്ലോ സൃഷ്ടിക്കുന്നത്. 60,000 ഇത്തരം സംഘങ്ങളിലൂടെ രണ്ടു ലക്ഷത്തിലധികം വനിതാ കർഷകരാണു നാടും നഗരവും പച്ചപ്പു വിരിക്കാനും ജനങ്ങൾക്കു സുരക്ഷിതമായ ഭക്ഷണം നൽകാനും മുന്നോട്ടു വന്നിട്ടുള്ളത്. വലിയൊരു ജീവനോപാധി കൂടിയാണ് ഇത്തരം സംരംഭങ്ങൾ എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഒരു ജീവനോപാധിക്കപ്പുറത്തേക്ക് ഓരോ വീട്ടിലേക്കും ആവശ്യമുള്ള സുരക്ഷിതമായ പച്ചക്കറികളും പഴവർഗങ്ങളും ധാന്യങ്ങളുമെല്ലാം കുടുംബശ്രീ കർഷകരിലൂടെ ലഭിക്കുന്നുണ്ടെന്ന വിശ്വാസ്യതയിലേക്കു സംഘകൃഷി ഉയർന്നുകഴിഞ്ഞു. സുരക്ഷിതമായ ഭക്ഷണത്തിനായുള്ള സമൂഹത്തിന്റെ താൽപര്യം കൂടിയായപ്പോൾ ഓരോ വീട്ടിലും കൃഷിചെയ്യാനും തങ്ങൾക്കത്യാവശ്യമുള്ള വിളകൾ ഉൽപാദിപ്പിക്കാനും മലയാളി കുടുംബങ്ങൾ മനസ്സു നൽകാൻ തുടങ്ങിയല്ലോ?

കൃഷിയിലേക്കു മടങ്ങാനുള്ള ഈ ശ്രമങ്ങളും സുരക്ഷിതമായതും വിഷമില്ലാത്തതുമായ പച്ചക്കറികൾ സ്വയം ഉൽപാദിപ്പി ക്കാനുള്ള കുടുംബശ്രീ കുടുംബാംഗങ്ങളുടെ താൽപര്യവും മനസ്സിലാക്കി 2015ൽ 'പൊലിവ്' എന്ന പദ്ധതിക്കു കുടുംബശ്രീ മിഷൻ രൂപം കൊടുത്തിരുന്നു. ഓരോ അയൽക്കൂട്ടവും ചുരുങ്ങിയതു മൂന്നു സെന്റെങ്കിലും കൃഷി ചെയ്യണമെന്നാണു 'പൊലിവ്' പദ്ധതിയുടെ വ്യവസ്ഥ. ഇതിനായി പ്രത്യേക പരിശീലനം നൽകുകയും എല്ലാ അയൽക്കൂട്ടങ്ങളെയും



പ്രോൽസാഹിപ്പിക്കുകയും ചെയ്തിരുന്നു. 'പൊലിവി'ന്റെ ഭാഗമായി 1.98 ലക്ഷം അയൽക്കൂട്ടങ്ങൾ 7000 ഹെക്ടറിലധികം ഭൂമി കൃഷി ചെയ്തപ്പോൾ അതൊരു ചരിത്രവിജയമായി മാറി.

'പൊലിവി'ന്റെ വിജയമാണ് ഭക്ഷ്യസുരക്ഷാ ഭവനം എന്ന ആശയത്തെക്കുറിച്ചു ചിന്തിക്കാൻ കുടുംബശ്രീക്കു പ്രേരണ നൽകിയത്. 'പൊലിവി'ൽ ഓരോ അയൽക്കൂട്ടത്തിനോടും കൃഷി ചെയ്യാൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ 'ഭക്ഷ്യസുരക്ഷാ ഭവനം'യാഥാർഥ്യമാകുമ്പോൾകൃഷിഓരോ അയൽക്കൂട്ടാംഗത്തിന്റെയും വീട്ടിലേക്ക് എത്തുകയാണ്. 43 ലക്ഷം കുടുംബങ്ങളിൽ കൃഷിയെത്തിക്കുകയാണ് 'ഭക്ഷ്യസുരക്ഷാ ഭവന'ത്തിന്റെ ലക്ഷ്യം.

'ഭക്ഷ്യസുരക്ഷാ ഭവനം' പദ്ധതി വിവിധ പഞ്ചായത്തുകളിൽ ഇതിനകം നടപ്പാക്കിത്തുടങ്ങി. ഓരോ അംഗത്തിനും കൃഷിരീതികൾ സംബന്ധിച്ചും കൃഷിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ ആദ്യപടി. തിരഞ്ഞെടുത്ത മാസ്റ്റർ കർഷകരാണു പരിശീലനം നൽകുക. ട്രെയ്നിങ്ങിൽ പങ്കെടുക്കുന്ന ഓരോ അംഗത്തിനും അഞ്ചിനം പച്ചക്കറി വിത്തു സൗജന്യമായി നൽകും. പുതിയ തലമുറയിലേക്കു കൃഷി വ്യാപിപ്പിക്കാനും ഓരോ വീടിന്റെയം ഭക്ഷ്യസുരക്ഷയും ന്യൂട്രീഷൻ സുരക്ഷയും ഉറപ്പിക്കാനും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷിക സംസ്കാരം വീണ്ടെടുക്കാനും കൃഷിയിൽ ശാസ്ത്രീയമായ പരിശീലനം ഓരോ അംഗത്തിനും നൽകിക്കൊണ്ട് കുടുംബശ്രീയിലൂടെ കാർഷികശ്രീ നേടിയെടുക്കാനുമൊക്കെ ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഓരോ അയൽക്കൂട്ടാംഗവും 'ഭക്ഷ്യസുരക്ഷാ ഭവനം' ട്രെയ്നിങ്ങിൽ പങ്കെടുക്കേണ്ടതും തങ്ങളുടെ വീട്ടുമുറ്റത്തു കൃഷി തുടങ്ങാൻ മുൻകയ്യെടുക്കേണ്ടതുമാണ്. സുരക്ഷിതമായ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും തലമുറകളിലേക്ക് അറിവു പകരാനും തങ്ങളുടെ ഈ പ്രവർത്തനത്തിലൂടെ മറ്റുള്ളവർക്കു മാതൃകയായി കാർഷിക കേരളം യാഥാർഥ്യമാക്കാനും 'ഭക്ഷ്യസുരക്ഷാ ഭവന'ത്തിനു സാധിക്കുമെന്നു പ്രതീക്ഷിക്കുകയാണ്.

---

അധികം വൈകാതെ ആഞ്ചലോസ് കടലിൽ ചൂണ്ടയ്ക്കു പോകാൻവേണ്ടി ഒരു ചെറു വള്ളം വാങ്ങി. അതിന് ഡെന്നിച്ചൻ എന്നു നാമകരണം ചെയ്തു.

◆◆◆◆◆

മത്സ്യബന്ധന രംഗത്തു വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കുകയാണ്.

തണ്ടു വലിച്ച് കടലിൽ പോകുന്ന വള്ളങ്ങളുടെ കാലം അവസാനിച്ചു. യമഹ എൻജിൻ സാർവത്രികമായി.

തണ്ടു വലിക്കാൻ ആളെ കിട്ടാതായി. സൈമൺ തരകൻ എൻജിൻ ഘടിപ്പിച്ച അരഡസൻ വള്ളങ്ങളാണ് ഒന്നിച്ചു കടലിലിറക്കിയത്. അതോടെ തണ്ടു വലിക്കാരുടെ ജോലിഭാരം കുറഞ്ഞു.പഴയ വലകൾ ഉപയോഗിക്കാൻ പറ്റാതായി.

നൂലുവല പഴങ്കഥയായി. പകരം പട്ടുവല സ്ഥാനം പിടിച്ചു. നാലുഭാഗം ഇറക്കവും മുപ്പത്തഞ്ചു നാൽപത് ഭാഗം നീളവുമുള്ള വലകളുടെ സ്ഥാനത്ത് ഇരുനൂറും നാനൂറും അഞ്ഞൂറും.ഭാഗം വരെ നീളമുള്ളതും ഒൻപതു പത്തു ഭാഗംവരെ ഇറക്കമുള്ളതുമായ വലകളെത്തി.

ചാളവലയും നീട്ടുവലയും ഡിസ്കോ വലയും താങ്ങുവലയും വന്നു. യമഹ എൻജിൻ ഘടിപ്പിച്ച വള്ളങ്ങൾ, പത്തുമുതൽ ഇരുപതു ഭാഗംവരെ കടലാഴങ്ങളിൽ പോയി മത്സ്യബന്ധനം നടത്തി. പഴയ പല തണ്ടുവലി വള്ളങ്ങളും യമഹ വള്ളങ്ങവുടെ കാരിയർ വള്ളങ്ങളായി വേഷം മാറി. അവയിലും യമഹ എൻജിൻ വേണമായിരുന്നു.

വലിയഫിഷിങ്ബോട്ടുകൾമത്സ്യബന്ധന രംഗം അടക്കിവാണതോടെ തീരക്കടലിൽ മത്സ്യസമ്പത്തു കുറഞ്ഞു. ആഴക്കടലിൽ പോയി തിരഞ്ഞാലേ മീൻ കിട്ടൂ എന്നായി. മീൻ കിട്ടിയ വള്ളങ്ങൾ രണ്ടും മൂന്നും എൻജിൻവച്ച് വേഗത്തിലോടി ആദ്യം കരയ്ക്കെത്തി നല്ല വിലയ്ക്കു മീൻ വിറ്റു.

ഒരു വള്ളം കടലിൽ ഇറക്കാൻ ഒരു ലക്ഷത്തിൽ താഴെ രൂപ മാത്രം മതിയായിരുന്ന സ്ഥാനത്ത് യമഹ എൻജിൻ ഘടിപ്പിച്ച വള്ളം വേണ്ടത്ര സന്നാഹങ്ങളുമായി മൽസ്യബന്ധനത്തിനിറക്കാൻ ലക്ഷങ്ങൾ വേണമെന്നായി.

ത്വരിതഗതിയിലാണു മാറ്റങ്ങൾ വന്നത്,

നാലഞ്ചു വർഷങ്ങൾക്കുള്ളിൽ പരമ്പരാഗത മത്സ്യബന്ധന ശൈലിയും അതിനുപയോഗിച്ചിരുന്ന വള്ളങ്ങളും വലകളും